സെക്രട്ടറിയറ്റിൽ ഐഎഎസുകാർക്കും പഞ്ചിങ്

തിരുവനന്തപുരം

സെക്രട്ടറിയറ്റിൽ ബയോമെട്രിക് പഞ്ചിങ് ഐഎഎസുകാർക്കും നിർബന്ധമാക്കി. നിലവിൽ ചീഫ് സെക്രട്ടറി ഒഴികെയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പഞ്ചിങ് ബാധകമാണ്.

2018 മുതൽ സെക്രട്ടറിയറ്റിൽ പഞ്ചിങ് ഏർപ്പെടുത്തിയിരുന്നു. ഇതിനുശേഷം കോവിഡിൽ മാത്രമാണ് ഒഴിവാക്കിയത്. കോവിഡ് നിയന്ത്രണങ്ങൾ നീക്കിയതോടെ ഇത് പുനരാരംഭിച്ചു. പഞ്ചിങ്ങുമായി ബന്ധപ്പെട്ട് സെക്രട്ടറിയറ്റിന്റെ സമയക്രമവും അനുവദനീയമായ അവധികളും ക്രമീകരിച്ചുള്ള ഉത്തരവ് കഴിഞ്ഞദിവസം പുറത്തിറക്കിയിരുന്നു.

മംഗളൂരുവിലേക്ക് ഇന്ന് സ്പെഷ്യൽ ട്രെയിൻ

തിരുവനന്തപുരം

മംഗളൂരുവിലേക്ക് തിരുവനന്തപുരത്തുനിന്ന് വെള്ളിയാഴ്ച സ്പെഷ്യൽ ട്രെയിൻ. 06008 മംഗളൂരു സെൻട്രൽ സ്പെഷ്യൽ എക്സ്പ്രസ് രാത്രി 11ന് തിരുവനന്തപുരം സെൻട്രലിൽനിന്ന് പുറപ്പെടും. ടിക്കറ്റിന് പ്രത്യേക നിരക്കായിരിക്കുമെന്ന് റെയിൽവേ അറിയിച്ചു.

കുടുംബശ്രീ രജതജൂബിലി ആഘോഷം: പാനൽ ചർച്ച 15നും 16നും

തിരുവനന്തപുരം

കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 15നും 16നും പുത്തരിക്കണ്ടം മൈതാനം ക്രിയാത്മക സംവാദങ്ങൾക്ക് വേദിയാകും. രാജ്യത്തെ പ്രമുഖ വനിതകൾ ഉൾപ്പെടെ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ അരങ്ങേറും.

മാഗ്സസെ പുരസ്കാര ജേതാവ് അരുണ റോയി, കെ വി റാബിയ, ലക്ഷ്മിക്കുട്ടിയമ്മ, സുഭാഷിണി അലി, സി എസ് സുജാത, ആര്യ രാജേന്ദ്രൻ, സേവ ബസാർ ഡയറക്ടർ സ്മിത ബെൻ ഭട്ട്നഗർ, സംസ്ഥാന വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി, സി എസ് ചന്ദ്രിക, ഖദീജ മുംതാസ് എന്നിവർക്കൊപ്പം ട്രാൻസ്ജെൻഡർ വിഭാഗത്തിലെ ആദ്യ പൈലറ്റ് ആദം ഹാരിയും പാനൽ ചർച്ചയിൽ പങ്കെടുക്കും. പ്രതിസന്ധികളെ അതിജീവിച്ച് ജീവിതവിജയം കൈവരിച്ച കുടുംബശ്രീ വനിതകളും വേദി പങ്കിടും.

ഡോ. ജി പത്മറാവു സ്മാരക ദേശീയപുരസ്കാരം; അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം

കേരള സർവകലാശാല മലയാളവിഭാഗം അധ്യക്ഷനും താരതമ്യ സാഹിത്യ വിമർശകനുമായിരുന്ന ഡോ. ജി പത്മറാവുവിന്റെ സ്മരണാർഥം മികച്ച എം എ മലയാളം പ്രോജക്ടിനുള്ള ദേശീയ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിച്ചു. 2022ൽ ഇന്ത്യയിലെ വിവിധ സർവകലാശാലകളിൽനിന്ന് എംഎ മലയാളം പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാം. ജേതാവിന് പത്മറാവുവിന്റെ ചരമദിനമായ ജൂൺ 15ന് നടക്കുന്ന ചടങ്ങിൽ 10,000 രൂപയും പ്രശസ്തിപത്രവും ഫലകവും സമ്മാനിക്കും. മാർഗദർശിയും സ്ഥാപന മേധാവിയും സാക്ഷ്യപ്പെടുത്തിയ പ്രബന്ധത്തിന്റെ പകർപ്പ് 30നു മുമ്പ് സമർപ്പിക്കണം. വിലാസം: പ്രൊഫ. സീമ ജെറോം, അധ്യക്ഷ, മലയാളവിഭാഗം, കേരള സർവകലാശാല, കാര്യവട്ടം പി ഒ, 695581. പിഡിഎഫ് ഫോർമാറ്റ് malkvtm@gmail.comൽ അയക്കണം. ഫോൺ: 0471 2308459.

സംഗീത കോളേജിൽ താൽക്കാലിക നിയമനം

തിരുവനന്തപുരം

ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിലെ വിവിധ പഠനവകുപ്പുകളിൽ താൽക്കാലിക ഒഴിവുണ്ട്. വയലിൻ, സംസ്കൃതം വിഭാഗങ്ങളിൽ ഗസ്റ്റ്അധ്യാപക നിയമനത്തിന് അപേക്ഷിക്കുന്നവർ കോളേജ് വിദ്യാഭ്യാസവകുപ്പ്, കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഗസ്റ്റ് ലക്ചർ പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം.

സംസ്കൃതം അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ 23ന് രാവിലെ 10നും വയലിൻ വിഭാഗത്തിൽ 25 രാവിലെ 10നും നടക്കും. ഡാൻസ് വിഭാഗത്തിൽ ഒഴിവുള്ള സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ വോക്കൽ ഫോർ ഡാൻസ് (കേരളനടനം), സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഡാൻസ് (കേരളനടനം) എന്നീ തസ്തികയിൽ 30ന് രാവിലെ 9.30നും പകൽ ഒന്നിനും അഭിമുഖം നടത്തും. വിദ്യാഭ്യാസ യോഗ്യതകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസലും പകർപ്പുകളുമായെത്തണം.

പുതിയ ക്രിസ്റ്റ 23.79 ലക്ഷം മുതൽ

തിരുവനന്തപുരം

ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് പുതിയ ഇന്നോവ ക്രിസ്റ്റയുടെ വില പ്രഖ്യാപിച്ചു. ഇന്നോവ ക്രിസ്റ്റ സെഡ് എക്സ്, വി എക്സ് ഗ്രേഡുകളുടെ ഷോറൂം വിലയാണ് പ്രഖ്യാപിച്ചത്. ഏഴ് സീറ്റുള്ള ഇന്നോവ ക്രിസ്റ്റ സെഡ് എക്സ് 25,43,000 രൂപയും വി എക്സ് 23,79,000 രൂപയുമാണ്. എട്ട് സീറ്റുള്ള വി എക്സ്, വി എക്സ് എഫ്എൽടി എന്നിവയ്ക്ക് 23,84,000 രൂപയും വി എക്സ് എഫ്എൽടി സെവൻ സീറ്ററിന് 23,79,000 രൂപയുമാണ് ഷോറൂം വില.

ആദിവാസി ക്ഷേമസമിതി ജാഥക്ക് ജില്ലയിൽ ഉജ്വല വരവേൽപ്പ്

സ്വന്തം ലേഖകൻ

നിലമ്പൂർ

AKS
സംസ്ഥാന
വാഹന
ജാഥ
2023 മെയ്
നിലമ്പൂർ 3PM

എകെഎസ് സംസ്ഥാന വാഹന ജാഥയ്ക്ക് നിലമ്പൂരിൽ നൽകിയ സ്വീകരണ യോഗത്തിൽ ജാഥാ ക്യാപ്റ്റൻ ബി വിദ്യാധരൻ കാണി സംസാരിക്കുന്നു

ആദിവാസി ക്ഷേമസമിതി സംസ്ഥാന ജാഥക്ക് ജില്ലയിൽ ഉജ്വല വരവേൽപ്പ്. സംസ്ഥാന സെക്രട്ടറി ബി വിദ്യാധരൻ കാണി നയിക്കുന്ന തെക്കൻ മേഖലാ ജാഥക്ക് നിലമ്പൂരിലും എടവണ്ണയിലുമാണ് സ്വീകരണം നൽകിയത്.

ജാഥയെ ഊരുകളിലെ മൂപ്പൻമാർ ചേർന്ന് സ്വീകരിച്ചു. നിലമ്പൂരിൽ പഴങ്ങളും പച്ചക്കറിയും നൽകിയാണ് ജാഥാ ക്യാപ്റ്റനെ സ്വീകരിച്ചത്. സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എം ആർ സുബ്രഹ്മണ്യൻ അധ്യക്ഷനായി. വൈസ് ക്യാപ്റ്റൻ പി വാസുദേവൻ, മാനേജർ ഒക്ലാവ് കൃഷ്ണൻ, ജാഥാംഗങ്ങളായ എൽ കിഷോർ, കെ എസ് രാജൻ, എം കെ പ്രേമ എന്നിവർ സംസാരിച്ചു.

കേന്ദ്ര സർക്കാരിന്റെ ആദിവാസിവിരുദ്ധ നിലപാട് തിരുത്തുക, രാജ്യത്തെ ദളിത് ആദിവാസി പീഡനങ്ങൾ അവസാനിപ്പിക്കുക, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുക, വനാവകാശ രേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശ ഭൂമിക്കും പട്ടയം അനുവദിക്കുക, ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി ഉറപ്പാക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിയാണ് ജാഥാ പര്യടനം.

സമിതി ജില്ലാ സെക്രട്ടറി കെ സി ശിവദാസൻ, പ്രസിഡന്റ് എം വിനുമോൻ, കോ ഓർഡിനേറ്റർ വി കെ ഷാനവാസ്, കുമാർദാസ്, ചന്ദ്രൻ ചോലാറ, മുകേഷ് കരുളായി, പി മനോഹരൻ, സതീഷ് പൂളക്കപ്പാറ, രവീന്ദ്രൻ കവളപ്പാറ, ടി ഹരിദാസൻ, കെ റഹീം, എം ജാഫർ എന്നിവർ നേതൃത്വം നൽകി.

കാസർകോട്

ബദിയഡുക്ക പെർലയിൽനിന്ന് പ്രയാണം തുടങ്ങിയ എകെഎസ് വടക്കൻ മേഖലാ വാഹനജാഥ വ്യാഴാഴ്ച കാസർകോട് ജില്ലയിലെ പര്യടനം പൂർത്തിയാക്കി കണ്ണൂർ ജില്ലയിൽ പ്രവേശിച്ചു. കുണ്ടംകുഴി, ഒടയംചാൽ, ഭീമനടി എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം കണ്ണൂർ ജില്ലയിലെ ആലക്കോടായിരുന്നു സമാപനം. ജില്ലാ അതിർത്തിയായ ചെറുപുഴയിൽ ജാഥയെ കണ്ണൂർ ജില്ലയിലേക്ക് സ്വീകരിച്ചു. ആലക്കോട്ടെ സമാപന യോഗത്തിൽ സിപിഐ എം ആലക്കോട് ഏരിയാ സെക്രട്ടറി സാജൻ കെ ജോസഫ് അധ്യക്ഷനായി. സ്വീകരണകേന്ദ്രങ്ങളിൽ ജാഥാ ലീഡർ ഒ ആർ കേളു എംഎൽഎ, മാനേജർ എം സി മാധവൻ, അംഗങ്ങളായ കെ കെ ബാബു, സീതാ ബാലൻ, പി കെ സുരേഷ്ബാബു, എകെഎസ് കാസർകോട് ജില്ലാ പ്രസിഡന്റ് സി കുഞ്ഞിക്കണ്ണൻ, സെക്രട്ടറി അശോകൻ കുന്നൂച്ചി, രാജൻ അത്തിക്കോത്ത്, ഇ ബാബു, കെ വി പ്രമോദ്, കെ ലക്ഷ്മി, എം ബി രാഘവൻ എന്നിവർ സംസാരിച്ചു.

നഴ്സിങ് ടീച്ചേഴ്സ് അസോസിയേഷൻ കരിദിനമാചരിച്ചു

തിരുവനന്തപുരം

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ചും കോട്ടയം മെഡിക്കൽ കോളേജിൽ രോഗിയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന നഴ്സ് നേഹ ജോണിന് പിന്തുണ പ്രഖ്യാപിച്ചും കേരള ഗവ. നഴ്സിങ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ വ്യാഴാഴ്ച കരിദിനമായി ആചരിച്ചു. ഡ്യൂട്ടി സമയത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അസോസിയേഷൻ അഭ്യർഥിച്ചു.

യൂത്ത് കോൺഗ്രസിൽ പുതിയ വിവാദം

‘മാങ്കൂട്ടത്തിലിന്റെ വിദേശപര്യടന ലക്ഷ്യം പണപ്പിരിവ്’

സുജിത് ബേബി

തിരുവനന്തപുരം

ലോകകപ്പ് സമയത്ത് ഷാഫി പറമ്പിലും രാഹുലും ഖത്തറിലെത്തി പിരിച്ച പണത്തെക്കുറിച്ചുള്ള ചർച്ചകൾ യൂത്ത് കോൺഗ്രസിൽ പുകയുന്നതിനിടെയാണ് പുതിയ വിവാദം

യൂത്ത് കോൺഗ്രസ് പ്രസിഡന്റ് കുപ്പായമടിച്ചിരിക്കുന്ന രാഹുൽ മാങ്കൂട്ടത്തിലിന്റെ ഗൾഫ് യാത്ര വിവാദമാകുന്നു. ‘ഒഐസിസി അടൂർ’ എന്ന തട്ടിക്കൂട്ട് സംഘടനയുടെ പരിപാടിക്കെന്ന വ്യാജേന പണപ്പിരിവിനായാണ് മാങ്കൂട്ടത്തിൽ ബഹ്റൈനിലേക്ക് വിമാനം കയറിയതെന്നാണ് ആക്ഷേപം. ഒപ്പം കുവൈത്ത് സന്ദർശിക്കാനും പദ്ധതിയുണ്ട്. ലോകകപ്പ് സമയത്ത് ഷാഫി പറമ്പിലും രാഹുലും ഖത്തറിലെത്തി പിരിച്ച പണത്തെക്കുറിച്ചുള്ള ചർച്ചകൾ യൂത്ത് കോൺഗ്രസിൽ പുകയുന്നതിനിടെയാണ് പുതിയ വിവാദം.

‘ഒഐസിസി അടൂർ – കിങ്ഡം ഓഫ് ബഹ്റൈൻ’ എന്ന സംഘടനയുടെ പരിപാടിക്കാണ് രാഹുലും പത്തനംതിട്ട ജില്ലാ പ്രസിഡന്റ് എം ജി കണ്ണനും പുറപ്പെട്ടത്. അടൂരിന്റെ പേരിൽ ഇത്തരമൊരു സംഘടനയെപ്പറ്റി കേട്ടിട്ടില്ലെന്ന് യൂത്ത് കോൺഗ്രസുകാർ പറയുന്നു.

കഴിഞ്ഞദിവസമാണ് യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. വലിയ സാമ്പത്തിക പിൻബലമുള്ളവർക്ക് ജയിച്ചുകയറാവുന്ന രീതിയിലാണ് പുതിയ തെരഞ്ഞെടുപ്പെന്ന് ആക്ഷേപമുയർന്നിട്ടുണ്ട്. മെമ്പർഷിപ് ഒന്നിന് 50 രൂപയാണ് ഫീസ്. 1000 മെമ്പർഷിപ്പിന് അരലക്ഷം രൂപയാകും. വോട്ട് കിട്ടാൻ പ്രസിഡന്റ് സ്ഥാനാർഥി സ്വന്തം ചെലവിൽ മെമ്പർഷിപ് ചേർക്കുകയാകും ഫലത്തിലുണ്ടാകുക. ഇത് മുന്നിൽക്കണ്ടാണ് യാത്രയെന്നാണ് അടക്കംപറച്ചിൽ.

കെ സുധാകരന്റെയും വി ഡി സതീശന്റെയും ഷാഫിയുടെയും പിന്തുണയുള്ള സ്ഥാനാർഥിയാണ് രാഹുൽ. ഷാഫി പറമ്പിലിന്റെയും രാഹുലിന്റെയും നേതൃത്വത്തിൽ വലിയ സാമ്പത്തിക അരാജകത്വം നടന്നിട്ടുണ്ടെന്നാണ് എതിർവിഭാഗങ്ങളുടെ ആക്ഷേപം. ‘ലോകകപ്പ് ഫണ്ട്’ 30 ലക്ഷത്തോളം പിരിച്ചെടുത്തെന്നാണ് അനൗദ്യോഗിക കണക്ക്. ഔദ്യോഗിക കണക്ക് അവതരിപ്പിച്ചിട്ടുമില്ല. പ്രവർത്തകർക്കെതിരായ കേസ് നടത്താനും സംസ്ഥാന കമ്മിറ്റി ഓഫീസ് നിർമാണത്തിനുമാണ് പണം പിരിച്ചത്. എന്നാൽ, സംസ്ഥാന കമ്മിറ്റി ഓഫീസിന് തറക്കല്ലിടാൻ പോലും കഴിഞ്ഞിട്ടില്ല.

■ ഹരിതകേരളം മിഷൻ

സംസ്ഥാനത്തെ പച്ചത്തുരുത്തുകളുടെ വിസ്തൃതി 700 ഏക്കർ പിന്നിട്ടു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ജൈവവൈവിധ്യം ഉറപ്പാക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിലായി ഒരുക്കിയത് 779 ഏക്കർ പച്ചത്തുരുത്ത്. എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തിൽ പച്ചത്തുരുത്തുകളുടെ വിസ്തൃതി 700 ഏക്കറിലെത്തിക്കുമെന്ന് മന്ത്രി എം ബി രാജേഷ് പ്രഖ്യാപിച്ചിരുന്നു. തദ്ദേശ സ്ഥാപനങ്ങളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുമടക്കം ചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായാണ് നേട്ടംകൈവരിച്ചത്.

ലക്ഷ്യം പിന്നിട്ടതിന്റെ സംസ്ഥാനതല പ്രഖ്യാപനം മന്ത്രി എം ബി രാജേഷ് ശനി വൈകിട്ട് നാലിന് തൃശൂർ പുറനാട്ടുകര ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിർ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കും. സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അധ്യക്ഷനാകും. നവകേരളം കർമപദ്ധതി സംസ്ഥാന കോ ഓർഡിനേറ്റർ ടി എൻ സീമ റിപ്പോർട്ട് അവ

സംസ്ഥാനതല നഴ്സസ് വാരാഘോഷം ഇന്ന് സമാപിക്കും

തിരുവനന്തപുരം

സംസ്ഥാനതല നഴ്സസ് വാരാഘോഷത്തിന് അന്താരാഷ്ട്ര നഴ്സസ് ദിനമായ ഇന്ന് സമാപനം. ഡോക്ടർ വന്ദന ദാസിന്റെ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കാനിരുന്ന ഘോഷയാത്ര മാറ്റിവച്ചു. അന്താരാഷ്ട്ര നഴ്സസ് സംഗമം എ എ റഹിം എംപി ഉദ്ഘാടനം ചെയ്തു.

പി എസ് സോന അധ്യക്ഷയായി. നഴ്സിങ് എഡ്യൂക്കേഷൻ ജോ. ഡയറക്ടർ സലീനഷാ, ഡി ആർ അനിൽ, ടി സുബ്രഹ്മണ്യൻ, ടി എസ് സംവിത, ഡോ. സുജ ബേബി, എ അനീസ, സിന്ധുദേവി എന്നിവർ സംസാരിച്ചു.

നഴ്സസ് വാരാഘോഷ സമാപന സമ്മേളനം വ്യാഴം പകൽ 1.30ന് എ കെ ജി സെന്റർ ഓഡിറ്റോറിയത്തിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ മികച്ച നഴ്സുമാർക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്യും.

ജൂഡ് ആന്റണിയുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് പെപ്പെ

കൊച്ചി

സംവിധായകൻ ജൂഡ് ആന്റണി ജോസഫിന്റെ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് നടൻ ആന്റണി പെപ്പെ എന്ന ആന്റണി വർഗീസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജൂഡ് ആന്റണിയിൽനിന്ന് വാങ്ങിയ പണം കൃത്യസമയത്തുതന്നെ തിരിച്ചുനൽകി. പണം നൽകി ഒരുവർഷത്തിനുശേഷമാണ് സഹോദരിയുടെ വിവാഹം നടന്നത്.

സംവിധായകന്റെ ആരോപണങ്ങൾ മാതാപിതാക്കൾക്ക് വലിയ വിഷമമുണ്ടാക്കി. അവർ സമ്പാദിച്ച പണംകൊണ്ടാണ് മകളുടെ വിവാഹം നടത്തിയത്. അമ്മ ജൂഡ് ആന്റണിക്കെതിരെ കേസ് നൽകിയിട്ടുണ്ട്. ‘എന്റെ ഭാര്യയെയും കുടുംബത്തെയും അപമാനിക്കുന്നതരത്തിൽ ഒരുപാട് കമന്റുകളാണ് വരുന്നത്. മൂന്നുവർഷംമുമ്പ് ചർച്ച ചെയ്ത് പരിഹരിച്ച കാര്യമാണ് വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നത്.

ജൂഡ് ആന്റണിയുടെ സിനിമ കുടുംബസമേതം പോയി കണ്ടതാണ്. ഗംഭീര സിനിമയാണ്. പക്ഷേ, ആ സിനിമയ്ക്ക് ലഭിച്ച വിജയം എന്റെ ജീവിതം നശിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ആർഡിഎക്സ് എന്ന സിനിമ സംവിധാനം ചെയ്ത നഹാസിന്റെ പേര് ഇതിലേക്ക് വലിച്ചിട്ടു. ആരവം എന്ന സിനിമ നടക്കാതെ പോയത് ശാപംകൊണ്ടാണെന്ന് പറഞ്ഞു. ഒരു സംവിധായകൻ, വളർന്നുവരുന്ന മറ്റൊരു സംവിധായകന്റെ സിനിമയെക്കുറിച്ച് ഇങ്ങനെയല്ല പറയേണ്ടത്’. തനിക്ക് കഴിവും യോഗ്യതയും ഇല്ലെന്നു പറയാൻ ജൂഡ് ആരാണെന്നും പെപ്പെ ചോദിച്ചു.

കഴിഞ്ഞദിവസം പെപ്പെയ്ക്കെതിരെ രൂക്ഷ ആരോപണങ്ങളുമായി ജൂഡ് ആന്റണി ജോസഫ് രംഗത്തെത്തിയിരുന്നു. നിർമാതാവിന്റെ കൈയിൽനിന്ന് പണം വാങ്ങി ചിത്രീകരണത്തിനുമുമ്പ് ആന്റണി പിന്മാറിയെന്നായിരുന്നു ആരോപണം. ഈ തുകകൊണ്ടാണ് ആന്റണി വർഗീസ് സഹോദരിയുടെ വിവാഹം നടത്തിയതെന്നും ജൂഡ് ആരോപിച്ചിരുന്നു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് ബിസിനസ് ഗ്രോത്ത് പ്രോഗ്രാം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) പിന്തുണയ്ക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ് ഡെവലപ്മെന്റിന്റെ (കെഇഡി) നിയന്ത്രണത്തിലുള്ള എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (ഇഡിസി) സംഘടിപ്പിക്കുന്ന ബിസിനസ് ഗ്രോത്ത് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിസിനസിൽ നേരിടുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് അതത് മേഖലയിലെ വിദഗ്ധരുമായി സംവദിക്കുന്നതിനും തുടർച്ചയായ ഇടവേളകളിൽ സംരംഭത്തിന്റെ പുരോഗതി വിലയിരുത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനും സഹായിക്കും. സംരംഭകർക്ക് അവരുടെ പതിവ് ബിസിനസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താതെ പങ്കെടുക്കാൻ കഴിയുന്ന രീതിയിലാണ് പ്രോഗ്രാം നടപ്പാക്കുന്നത്. 35 ലക്ഷത്തിനും 50 കോടിക്കും ഇടയിൽ വാർഷിക വിറ്റുവരവുള്ള 10 വർഷത്തിൽ താഴെയായി കേരളത്തിൽ പ്രവർത്തിക്കുന്ന എംഎസ്എംഇ യൂണിറ്റുകൾക്ക് പ്രോഗ്രാമിൽ അപേക്ഷിക്കാം. www.edckerala.org വെബ്സൈറ്റിലൂടെ 20 നകം അപേക്ഷിക്കണം.

മന്ത്രി അഹമ്മദ് ദേവർകോവിൽ നാളെ കൊൽക്കത്തയിൽ

തിരുവനന്തപുരം

മന്ത്രി അഹമ്മദ് ദേവർകോവിൽ രണ്ട് ദിന പര്യടനത്തിനായി ശനിയാഴ്ച കൊൽക്കത്തയിലെത്തും. ഐഎൻഎൽ പശ്ചിമബംഗാൾ സംസ്ഥാന കമ്മറ്റി നടത്തുന്ന വിവിധ പരിപാടികളിൽ മന്ത്രി പങ്കെടുക്കും.

നഴ്സുമാർക്കുള്ള സംസ്ഥാന പുരസ്കാരം പ്രഖ്യാപിച്ചു

തിരുവനന്തപുരം

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച നഴ്സുമാർക്കുള്ള സംസ്ഥാന പുരസ്കാരം പ്രഖ്യാപിച്ചു.

ആരോഗ്യ വകുപ്പിൽ ജനറൽ നഴ്സിങ് വിഭാഗത്തിൽ സംസ്ഥാനത്തെ മികച്ച നഴ്സിനുള്ള സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ് കൊല്ലം ജില്ലാ ആശുപത്രിയിലെ സീനിയർ നഴ്സിങ് ഓഫീസർ പി ശ്രീദേവിക്കാണ്. പബ്ലിക് ഹെൽത്ത് നഴ്സിങ് വിഭാഗത്തിൽ മികച്ച നഴ്സിനുള്ള പുരസ്കാരം തൃശൂർ പുതുക്കാട് താലൂക്ക് ആശുപത്രി ജെപിഎച്ച്എൻ ഗ്രേഡ് 1 എം സി ചന്ദ്രികയ്ക്ക് ലഭിച്ചു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിങ് വിഭാഗത്തിൽ സംസ്ഥാനത്തെ മികച്ച നഴ്സിനുള്ള സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ് തിരുവനന്തപുരം മെഡിക്കൽ കോളേജ് സീനിയർ നഴ്സിങ് ഓഫീസർ വി സിന്ധുമോൾക്കാണ്.

ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽനിന്നുള്ള നഴ്സുമാരെയാണ് പരിഗണിച്ചത്. വെള്ളിയാഴ്ച സംസ്ഥാന നഴ്സസ് ദിനാഘോഷ ഭാഗമായി മന്ത്രി വീണാ ജോർജ് പുരസ്കാരം വിതരണം ചെയ്യും.

ലഹരിമുക്ത വിദ്യാലയത്തിനായി എക്സൈസിന്റെ ‘നേർവഴി’

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ലഹരിവിരുദ്ധ പോരാട്ടത്തിൽ അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കാനായും ലഹരി ഉപയോഗത്തിലേക്ക് തിരിയുന്ന കുട്ടികളെ അതിൽനിന്നും കരകയറ്റുന്നതിനായും എക്സൈസ് വകുപ്പിന്റെ പ്രാഥമിക പ്രായോഗിക ഇടപെടലിനായി ‘നേർവഴി’. ലഹരിയുടെ ഉപയോഗം മൂലം വിദ്യാർഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും ആദ്യം ശ്രദ്ധയിൽപ്പെടുന്നത് അധ്യാപകർക്കാണ്. അത്തരം കുട്ടികളെ തിൻമയിൽനിന്ന് മോചിപ്പിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാനുള്ള പദ്ധതിയാണ് ‘നേർവഴി’. പ്രശ്നത്തിൽപ്പെട്ടുവെന്ന് സംശയിക്കാവുന്നതും സഹായം വേണ്ടതുമായ കുട്ടികളുടെ വിവരം അധ്യാപകർ നേരിട്ട് എക്സൈസിന് നൽകി വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ ഉറപ്പുവരുത്തും. ഇതിനായി എക്സൈസ് കമീഷണറേറ്റിലെ കാൾ സെന്ററിലേക്ക് വിളിക്കാം. നമ്പർ: 9656178000.

‘നേർവഴി’യുടെ ഭാഗമായി അധ്യാപകരിൽനിന്ന് വാട്സ് ആപ്പ്, ഫോൺകോൾ വഴി ലഭിക്കുന്ന വിവരങ്ങൾ സ്വീകരിക്കുന്നതിന് മാത്രമായി പ്രത്യേകം ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി. അധ്യാപകർക്ക് നേരിട്ട് ഇടപെടാനോ, പ്രതികരിക്കാനോ സാധിക്കാത്ത സാഹചര്യങ്ങളിൽ, അവർക്ക് വിദ്യാർഥികളുടെ ലഹരി ഉപയോഗത്തിൻമേൽ പ്രസ്തുത വാട്ട്പ്പ് നമ്പരിലേക്ക് (9656178000) വിവരങ്ങൾ കൈമാറാം. വിവരങ്ങൾ നൽകുന്ന അധ്യാപകരുടെ പേരും മറ്റുവിവരങ്ങളും രഹസ്യമായി സൂക്ഷിക്കും.

പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

പിഎസ്സി വാർത്ത

തിരുവനന്തപുരം

പൊതുപ്രാഥമിക പരീക്ഷയുടെ ഭാഗമായി (രണ്ടാംഘട്ടം) ഫീൽഡ് ഓഫീസർ/അസിസ്റ്റന്റ്, സബ് ഇൻസ്പെക്ടർ തസ്തികകളിലേക്ക് 13ന് പകൽ 1.30 മുതൽ 3.15 വരെ നടത്തുന്ന ഒഎംആർ പരീക്ഷയുടെ കേന്ദ്രങ്ങളിൽ മാറ്റം. തിരുവനന്തപുരം ജില്ലയിലെ കേന്ദ്രങ്ങളായ നെയ്യാറ്റിൻകര, ഉച്ചക്കട, കുളത്തൂർ ഗവ. വി ആൻഡ് എച്ച്എസ്എസിൽ ഉൾപ്പെടുത്തിയ രജിസ്റ്റർ നമ്പർ 1191230 മുതൽ 1191259 വരെയുള്ളവരും ബാലരാമപുരം ഗവ. എച്ച്എസ്എസ്എസിൽ (എച്ച്എസ്എസ് വിഭാഗം) ഉൾപ്പെടുത്തിയ 1193560 മുതൽ 1193579 വരെയുള്ളവരും അമരവിള എൽഎംഎസ് എച്ച്എസ്എസ് (എച്ച്എസ് വിഭാഗം) (സെന്റർ 2) എന്ന കേന്ദ്രത്തിൽ ഹാജരാകണം.

മണക്കാട് ഗവ. ടിടിഐ (സെന്റർ 1) ൽ ഉൾപ്പെടുത്തിയ 1179750 മുതൽ 1179949 വരെയുള്ളവർ മണക്കാട് കൊഞ്ചിറവിള ഗവ. മോഡൽ യുപിഎസിൽ എത്തണം. മണക്കാട് ഗവ. ടിടിഐ (സെന്റർ 2)ൽ ഉൾപ്പെടുത്തിയ1179950 മുതൽ 1180149 വരെയുള്ളവർ മണക്കാട് ഗവ. വൊക്കേഷണൽ ആൻഡ് എച്ച്എസ്എസ് ഫോർ ഗേൾസിലും (സെന്റർ 2) പരീക്ഷയ്ക്ക് ഹാജരാകണം.

അഭിമുഖം നടത്തും

കോഴിക്കോട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യുപിഎസ് രണ്ടാം എൻസിഎ പട്ടികജാതി (കാറ്റഗറി നമ്പർ 219/2022), ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) രണ്ടാം എൻസിഎ ഒബിസി (217/2022) തസ്തികകളിലേക്ക് 17 രാവിലെ 9 ന് കോഴിക്കോട് ജില്ലാ ഓഫീസിൽ അഭിമുഖം. ഹൈസ്കൂൾ ടീച്ചർ (ഹിന്ദി, 562/2021) തസ്തികയിലേക്ക് 17, 18, 19, 23 തീയതികളിൽ പിഎസ്സി കോഴിക്കോട് ജില്ലാ ഓഫീസിൽ അഭിമുഖം നടത്തും. അഡ്മിഷൻ ടിക്കറ്റ് ലഭിക്കാത്തവർ 0495 2371971 നമ്പരിൽ വിളിക്കണം.

തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഡ്രോയിങ് ടീച്ചർ (ഹൈസ്കൂൾ) (മലയാളം മീഡിയം, 390/2020) തസ്തികയിലേക്കുള്ള ഒന്നാംഘട്ട അഭിമുഖം 18നും 19നും പിഎസ്സി ആസ്ഥാനത്ത് നടത്തും.

പ്രമാണ പരിശോധന

ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ്എസ്ടി (ജൂനിയർ) ബോട്ടണി (737/2021) തസ്തികയിലേക്കുള്ള ചുരുക്കപട്ടികയിലുൾപ്പെട്ടവർക്ക് 17നും 18നും പിഎസ്സി ആസ്ഥാനത്ത് പ്രമാണപരിശോധന.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് 2 (112/2020) തസ്തികയിലേക്കുള്ള സാധ്യതാ പട്ടികയിലുള്ളവർക്ക് 17, 18, 19 തീയതികളിൽ രാവിലെ 10.30 മുതൽ പിഎസ്സി ആസ്ഥാനത്ത് പ്രമാണ പരിശോധന.

■ സംസ്ഥാനന്തര പാൽ വിൽപ്പന

ദേശീയ ക്ഷീര വികസന ബോർഡ് യോഗം ഈ മാസം

തിരുവനന്തപുരം

സംസ്ഥാനന്തര പാൽ വിൽപ്പന ചർച്ചചെയ്യാനായി ദേശീയ ക്ഷീര വികസന ബോർഡ് (എൻഡിഡിബി) ക്ഷീര സഹകരണ ഫെഡറേഷൻ മാനേജിങ് ഡയറക്ടർമാരുടെ യോഗം ഈ മാസം വിളിക്കും. വാരാണസിയിൽ നാഷണൽ കോ ഓപ്പറേറ്റീവ് ഡയറി ഫെഡറേഷൻ (എൻസിഡിഎഫ്ഐ) യോഗത്തിൽ മിൽമ ചെയർമാൻ കെ എസ് മണി സംസ്ഥാനന്തര പാൽ വിൽപ്പന തടയണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്നാണ് എൻഡിഡിബി ചെയർമാൻ മീനേഷ് സി ഷാ യോഗം വിളിക്കാൻ നിർദേശിച്ചത്. കർണാടക മിൽക്ക് ഫെഡറേഷൻ (കെഎംഎഫ്) കേരളത്തിൽ പാൽ വിൽപ്പന നടത്തുന്നതിൽ മിൽമ നേരത്തെ എതിർപ്പുന്നയിച്ചിരുന്നു. കെഎംഎഫിന് സർക്കാർ സബ്സിഡി നൽകുന്നതിനാലാണ് വില കുറച്ച് പാൽ വിൽക്കാനാകുന്നത്. അതിർത്തി കടന്നുള്ള വിൽപ്പന സംസ്ഥാനത്തെ ക്ഷീരകർഷകരുടെ താൽപ്പര്യങ്ങളെ സഹായിക്കില്ലെന്നും എൻസിഡിഎഫ്ഐ യോഗത്തിൽ കെ എസ് മണി പറഞ്ഞു. തുടർന്ന് എൻഡിഡിബി ചെയർമാൻ സംസ്ഥാന ഫെഡറേഷൻ എംഡിമാരുടെ യോഗം വിളിക്കാൻ നിർദ്ദേശിക്കുകയായിരുന്നു. ഈ മാസം തന്നെ യോഗം ചേർന്ന് പ്രശ്നം ചർച്ചചെയ്യുമെന്ന് മീനേഷ് സി ഷാ പറഞ്ഞു.

സ്കൂൾ അധ്യാപകർക്ക് പരിശീലനം അടുത്തയാഴ്ച മുതൽ

തിരുവനന്തപുരം

സമഗ്രശിക്ഷാ കേരള നേതൃത്വത്തിൽ പൊതുവിദ്യാലയങ്ങളിലെ എൽപി, യുപി, എച്ച്എസ് വിഭാഗം അധ്യാപകർക്കുള്ള അവധിക്കാല പരിശീലനം അടുത്തയാഴ്ച ആരംഭിക്കും. അധ്യാപക സംഗമങ്ങൾ എന്ന പേരിൽ രണ്ടു ഘട്ടമായി നടക്കുന്ന പരിശീലനം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനംചെയ്യും. ആശയരൂപീകരണം, മൊഡ്യൂൾ നിർമാണം എന്നിവ എസ്സിഇആർടി നേതൃത്വത്തിൽ പൂർത്തിയായി.

എൽപിയിൽ ഒന്ന്, രണ്ട് ക്ലാസുകളിൽ ഭാഷാ പഠനത്തിനും മൂന്നാം ക്ലാസിൽ ഗണിതത്തിനും നാലാം ക്ലാസിൽ ഇംഗ്ലീഷ് ഭാഷയ്ക്കും പ്രാധാന്യം കൊടുത്തുള്ള പ്രവർത്തനങ്ങളായിരിക്കും. ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകളെക്കുറിച്ചുള്ള വെർച്വൽ റിയാലിറ്റി, ഓഗ്മെന്റ് റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയവ ക്ലാസ് റൂം വിനിമയത്തിനും പഠന പ്രവർത്തനങ്ങളിലും സമന്വയിപ്പിക്കുന്നതിനുള്ള ധാരണയും അധ്യാപകർക്ക് നൽകും.

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969 – ലെ കേരള സഹകരണ ചട്ടം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്)

നമ്പർ. ഇ (2)2584/2023/എസ്.സി.ഇ.സി. തിരുവനന്തപുരം, 10.05.2023

4429-ാം നമ്പർ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് ക്ലിപ്തത്തിന്റെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി തിരുവനന്തപുരം സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ഇലക്ടറൽ ആഫീസറായും, പാളയം യൂണിറ്റ് ഇൻസ്പെക്ടറെ വരണാധികാരിയായും കോഴിക്കോട് സോണൽ ബ്രാഞ്ച് ഓഫീസിലേക്ക് സഹവരണാധികാരിയായി കോഴിക്കോട് സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടറെയും തൃശൂർ സോണൽ ബ്രാഞ്ച് ഓഫീസിലേക്ക് സഹവരണാധികാരിയായി തൃശൂർ സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ സീനിയർ ഇൻസ്പെക്ടറെയും കോട്ടയം സോണൽ ബ്രാഞ്ച് ഓഫീസിലേക്ക് സഹവരണാധികാരിയായി കോട്ടയം സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ആഫീസിലെ സീനിയർ ഇൻസ്പെക്ടറെയും തിരുവനന്തപുരം ഹെഡ് ഓഫീസിലേക്ക് സഹവരണാധികാരിയായി തിരുവനന്തപുരം സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ ജൂനിയർ ഇൻസ്പെക്ടറെയും നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും പൊതു അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 15 (പതിനഞ്ച്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ : കാസറഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ എ-ൽ നിന്നും
    1) ജനറൽ 2 (രണ്ട്)
    2) വനിത സംവരണം 1 (ഒന്ന്)
    മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ ബി- ൽ നിന്നും
    1) ജനറൽ 2 (രണ്ട്)
    2) വനിത സംവരണം 1 (ഒന്ന്)
    3) പട്ടികജാതി/പട്ടികവർഗ്ഗ സംവരണം 1 (ഒന്ന്)
    ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ സി- ൽ നിന്നും
    1) ജനറൽ 3 (മൂന്ന്)
    പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകൾ ഉൾപ്പെടുന്ന സോൺ ഡി- ൽ നിന്നും
    1) ജനറൽ 4 (നാല്)
    2) വനിത സംവരണം 1 (ഒന്ന്)
    ആകെ 15 (പതിനഞ്ച്)
3. പ്രാഥമിക വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും : 12.05.2023 പകൽ 11 മണിക്ക് സംഘം ഓഫീസ് നോട്ടീസ് ബോർഡിൽ
4. വോട്ടർ പട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ : 12.05.2023 പകൽ 11 മണി മുതൽ 19.05.2023 പകൽ 5 മണി വരെ
5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും. : 20.05.2023 പകൽ 11 മണി മുതൽ 5 മണി വരെ സംഘം ഓഫീസിൽ വെച്ച്
6. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും സമയവും : 24.05.2023 സംഘം ഓഫീസ് നോട്ടീസ് ബോർഡിൽ
7. നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും തീയതിയും, സമയവും. : 31.05.2023 പകൽ 11 മണി മുതൽ 2 മണി വരെ സംഘം ഓഫീസിൽ വെച്ച്
8. പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്കുള്ള തീയതിയും, സമയവും : 01.06.2023 പകൽ 11 മണി മുതൽ സംഘം ഓഫീസിൽ വെച്ച്
9. പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും, സമയവും : 02.06.2023 പകൽ 5 മണി വരെ സംഘം ഓഫീസിൽ വെച്ച്
10. വോട്ടെടുപ്പ് വേണ്ടി വരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും, സമയവും, തീയതിയും :

2023 ജൂൺ മാസം 18-ാം തീയതി ഞായറാഴ്ച പകൽ 10 മണി മുതൽ 5 മണിവരെ സോൺ എ-ൽ ഉൾപ്പെടുന്ന കാസറഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ അംഗങ്ങൾക്ക് കോഴിക്കോട് സോണൽ ബ്രാഞ്ച് ഓഫീസിൽ വച്ചും (ഇരഞ്ഞിക്കൽ ബിൽഡിംഗ്, ചെറൂട്ടി റോഡ്, ബീച്ച് പി.ഒ., കോഴിക്കോട് - 673 032), സോൺ ബി-ൽ ഉൾപ്പെടുന്ന മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിലെ അംഗങ്ങൾക്ക് തൃശൂർ സോണൽ ബ്രാഞ്ച് ഓഫീസിൽ വച്ചും (ഗ്ലോബൽ പ്ലാസ ബിൽഡിംഗ്, വഞ്ചിക്കുളം റോഡ്, പൂത്തോൾ പി.ഒ, തൃശൂർ-4), സോൺ സി-ൽ ഉൾപ്പെടുന്ന ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ അംഗങ്ങൾക്ക് കോട്ടയം സോണൽ ബ്രാഞ്ച് ഓഫീസിൽ വച്ചും (നാഗമ്പടം മുനിസിപ്പൽ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, ഫസ്റ്റ് ഫ്ളോർ, കോട്ടയം) സോൺ ഡി-ൽ ഉൾപ്പെടുന്ന പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ അംഗങ്ങൾക്ക് തിരുവനന്തപുരം ഹെഡ് ഓഫീസിൽ വച്ചും (കൊച്ചുവീട്ടിൽ ടവ്വേഴ്സ്, റ്റി.സി. 25/595, മോഡൽ സ്കൂൾ ജംഗ്ഷൻ, തമ്പാനൂർ, തിരുവനന്തപുരം-1) എന്നിവിടങ്ങളിൽ വച്ച്.

(പ്രത്യേക ശ്രദ്ധയ്ക്ക്: വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

ഒപ്പ്/- എം.എസ്. ലൈല
സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ